# ഇടശ്ശേരിക്കവിത

## കെ.പി. ശശിധരൻ

ഇടശ്ശേരിക്കവിത വിഷാദാന്തികളായ നമ്മുടെ ബുദ്ധിജീവി യുവാക്കൾ വിശേഷിച്ചും ശ്രദ്ധവച്ചു പഠിക്കേണ്ടതാണ് എന്നെനിക്കഭിപ്രായമുണ്ട്. കാരണം, ജീവിതത്തോട് ബോധപൂർവ്വമായോ, അല്ലാതെ സാഹചര്യസമ്മർദ്ദത്തിനു വിധേയരായോ, നിഷേധാത്മകമായ ഒരു സമീപനമാണ് അവരിൽ, ഞങ്ങളിൽ പലരുമിന്നു പുലർത്തിവരുന്നത്. ഇതു മാറിയേ കഴിയൂ. ഇതിന് ഇടശ്ശേരിക്കവിതയുടെ പ്രത്യൗഷധവിധി ഒന്നാന്തരമാണ്.

എന്റെ അനുഭവം പറയാം. എലിയട്ടിന്റെയും മറ്റും കവിത വായിച്ചു ബുദ്ധി മന്ദിച്ച് ശാസ്ത്രപുരോഗതി, നവീനനാഗരികത എന്നെല്ലാമുള്ള ആശയങ്ങളെ അവിശ്വാസത്തോടെമാത്രം നോക്കിയിരുന്ന ഞാൻ കുറെമുമ്പ് 'പഴകിയ ചാലുകൾ മാറ്റുക' എന്നൊരു കവിത വായിക്കുകയുണ്ടായി. ഗോളാന്തരയാത്ര നടത്താൻ തുടങ്ങുന്ന മനുഷ്യനെ നോക്കി അഭിമാനംകൊണ്ട്,

ഗോളങ്ങളെടുത്തുഞാൻ  
പന്തടിക്കുമ്പോൾ വിദ്യുൽ  
ഗോളങ്ങൾ കെടുത്തിയും  
കത്തിച്ചും രസിക്കുമ്പോൾ

ശാസ്ത്രയുഗത്തിലെ മനുഷ്യനു വിഷാദാകുലനായിരിക്കാനെന്തവകാശം എന്നു ചോദിച്ച വയലാർ രാമവർമ്മയുടെ അതേ ചുറുചുറുക്കോടെ, സർപ്പക്കാവു വെട്ടിത്തെളിച്ചു തൈവെച്ച വൈലോപ്പിള്ളിയുടെ അതേ യുക്തിഭദ്രതയോടെ, ഒരു വൃദ്ധകവിയുണ്ട് (അന്നദ്ദേഹം ഷഷ്ടിപൂർത്തിക്കു വളരെ അടുത്തിരിക്കുന്നു) നവയുഗപരിഷ്കാരത്തിനു സങ്കീർത്തനം പാടുന്നു, മഹിതവും മനോഹരവുമായ കവിത ആലപിക്കുന്നു.

പൊടിയിലമർന്നുകഴിഞ്ഞോർക്കേകിയ  
വൈക്കോൽവിരികളെ മാറ്റൂ,  
പുതുവീരാളിപ്പട്ടുവിരിക്കൂ  
നാളത്തെജ്ജനതക്കായ്

വിജനമായൊരു ചതുപ്പുനിലത്തിൽവച്ചു കണ്ട ആ അപരിഷ്കൃതനെക്കുറിച്ചു വേഡ്സ്വർത്ത് പറഞ്ഞവാക്യം ഹൃദയമേ, വിഷാദാകുലനാകാൻ തുടങ്ങുമ്പോഴെല്ലാം നീ ഈ ഗ്രാമീണയോദ്ധാവിനെ ഓർമ്മിക്കൂ എന്ന വാക്യം, ഞാൻ എന്നോടുതന്നെ പറഞ്ഞു.

അതാണ് ഞാൻ പറയുന്നത്, വിഷാദന്തികളായ നമ്മുടെ ബുദ്ധിജീവിയുവാക്കളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായും പ്രാധാന്യമുള്ളതാണ് ഇടശ്ശേരിക്കവിത.

ആധുനികകാലത്തെ ഒരു വീരകവിയാണ് ഈ ഇടശ്ശേരി ഗോവിന്ദൻനായർ. നമുക്ക് അദ്ദേഹത്തിന്റെ വീരകവിതകൾ അല്പംകൂടി അടിത്തുനിന്നൊന്നു നോക്കാം.

തന്റെ ഏറ്റവുമൊടുവിലത്തെ കവിതകളിലൊന്നിൽ ഇടശ്ശേരി കടലിനെ മനുഷ്യർക്ക് വേണ്ടുവിഭവങ്ങൾ കൊണ്ടന്നുതരുന്ന 'വരുണച്ചെട്ടിയാര്'ായി കല്പിക്കുന്നു. മറ്റൊരു കവിതയിൽ വിനാശകാരിണിയായി നടന്ന നദിയെ മനുഷ്യന്റെ വിളനിലങ്ങൾ നനയ്ക്കാൻ നിയോഗിക്കുന്നു. ('കുടംനിറയ്ക്കൂ കൂടെവരൂ') ആദ്യമേ സൂചിപ്പിച്ച 'പഴയ ചാലുകൾ മാറ്റുക'എന്ന കവിതയിൽ സ്വർഗ്ഗത്തെ കിടിലം കൊള്ളിച്ചുകൊണ്ട് അജയ്യനായ മനുഷ്യൻ പറന്നുയരുന്നു. 'പാരിൻ ദാസ്യം തീർക്കാൻ' നവയുഗനാഗരികതയുടെ നേരേ പുറം തിരിഞ്ഞുനില്ക്കുന്നവരോടായി ഈ കവിത ഒരു താക്കീതും പുറപ്പെടുവിക്കുന്നു.

കാടുകളില്ലാ പണ്ടേപ്പോലെ  
തപസ്സിനു പോയിക്കൂടാൻ!

അതും ഓർത്തിരിക്കുക.

എവിടെനിന്നുണ്ടായി ഇടശ്ശേരിക്കവിതയ്ക്ക് ഈ ആത്മശക്തി! എനിക്കു തോന്നുന്നു പകൽവെളിച്ചവും മണ്ണുമായുള്ള ബന്ധത്തിൽനിന്നെന്ന്. കടലാസല്ല തന്റെ ഭക്ഷണമെന്ന് നർമ്മരസം തുളുമ്പുന്ന ഒരു കൊച്ചുകവിതയിൽ സൂചിപ്പിച്ചിട്ടുള്ള കവിയാണ് ഇടശ്ശേരി. അദ്ദേഹം മണ്ണിൽ, ജീവിതത്തിൽ ഉറച്ചു ചവിട്ടി പകലുണ്ണാപ്പക്ഷിയെപ്പോലെ, നവീനബുദ്ധിജീവിയെപ്പോലെ നില്ക്കുന്ന കവിയാണ്. കൊമ്പത്തുപോയി തൂങ്ങിക്കിടക്കുന്ന കവിയല്ല. അദ്ദേഹം പൂഴിമണ്ണിനെ സ്നേഹിക്കുന്നു, മുള്ളൻ ചീരയെയും തൈതെങ്ങിനെയും, പൂത്ത മാവിനെയും സ്നേഹിക്കുന്നു. എങ്ങനെ, എത്രനിറഞ്ഞ വാത്സല്യത്തോടെന്നോ?

മാതൃചുംബനംപോലെ കാലിനിക്കിളിചേർക്കും പൂമൃദുലമായ ഒന്നാണദ്ദേഹത്തിന് പൂഴിമണ്ണ്. അതേപോലെ ഒരു കുഞ്ഞിക്കൈയുടെ മാർദ്ദവശീതളത്വമുള്ള ആ കുമ്പളപ്പൂ. അതിനെയും കൃഷിക്കാരനായ ആ കവി വാത്സല്യപൂർവ്വം നോക്കിനിൽക്കുന്നു.

ഇടശ്ശേരിയെ കവിയാക്കിയത് ഈ സ്നേഹവായ്പാണ്, തന്റെ ചുറ്റുപാടുമുള്ള സചേതനാ ചേതനവസ്തുക്കളോടുള്ള പ്രേമമാണ്. ആ സ്നേഹം എത്ര പരപ്പേറിയതാണെന്നറിയണമെങ്കിൽ, ഇടശ്ശേരിയുടെ 'വിഷപ്പാമ്പ്' എന്ന ഒരു കവിത വായിച്ചാൽ മതി.

വിഷാശങ്കയുണ്ടായി. കവി പുത്രകളത്രാദികളെക്കുറിച്ചോർത്ത്, താൻ മരിച്ചുപോയാൽ അവർക്കു വന്നുപിണഞ്ഞേക്കാവുന്ന അനാഥത്വത്തെക്കുറിച്ചോർത്ത് പരിഭ്രമിച്ചു. അങ്ങനെ ആലോചിച്ചു പോകുമ്പോഴുണ്ട് അദ്ദേഹത്തിന് പെട്ടെന്നൊരുൾക്കാഴ്ച–

കലതന്തുക്കളിൽ നിന്നെക്കാളും  
കരളവനുൽക്കണ്ഠിതമല്ലേ?  
ഈറ്റില്ലത്തിൽപ്പൊൻമുട്ടകളെ–  
ച്ചുറ്റിച്ചുരുളായിണവാഴ്കെ  
ഭൂവിൽ ദ്യോവിൽ ദൃശ്യരദൃശ്യരു–  
മായ വിരോധികളെച്ചൊല്ലി

ഞൊടിയിട ശാന്തിലഭിക്കാതുള്ളൊരു
പിടയൽ–നിനക്കതിലൻപില്ലേ?

അതാണ് ഇടശ്ശേരിക്കവിത. വിഷപ്പാമ്പിൽക്കൂടിയും സ്നേഹവായ്പ് ചുരത്തുന്ന ഒരു ഹൃദയത്തിന്റെ ജീവിതസങ്കീർത്തനം.

അങ്ങനെയുള്ളൊരു കവി മറ്റെല്ലാത്തിനുമുപരി മനുഷ്യരുടെ കവിയായിരിക്കുമെന്നുള്ളത് എടുത്തുപറയേണ്ടതില്ല. ഇടശ്ശേരി മറ്റെന്തെല്ലാമായാലും മനുഷ്യവിരോധിയായ പ്രകൃതിഗായകൻ അല്ലതന്നെ. അദ്ദേഹം മനുഷ്യരുടെ കവിയാണ്. ഏതു മനുഷ്യരുടെ? നെല്ലുകുത്തുകാരി പാറുവിന്റെയും, സമരംചെയ്യുന്ന തൊഴിലാളികളുടെയും, ചകിരിക്കുഴിയിൽ ജീവിതം തുലയ്ക്കുന്ന നിർഭാഗ്യജീവികളുടെയും കവി.

അന്നത്തിന്നിരപ്പവർ മേൽപ്പുരയില്ലാത്തവ–
രങ്ങനെ പാർപ്പുണ്ടല്ലോ മനുജരേറെ.
കാലടിവച്ചുകൊള്ളാൻ കണ്ടോർതന്നുഭയങ്ങൾ
നീലനിശ്ശൂന്യതതാൻ തലയ്ക്കുമീതെ
ചൂഴും ചകിരിക്കുഴി ചുറ്റും വമിക്കും കെട്ട–
ചൂരുകൊണ്ടഹർന്നിശം നിശ്വസിപ്പോർ.

അവരുടെ ദുഃഖങ്ങൾ, അവരുടെ യാതനകൾ നന്മനിറഞ്ഞ ഈ കവിയെ ഒരു രൗദ്രമൂർത്തിയാക്കുന്നു. 'കൈക്കോട്ടിന്റെ ചിരി' എന്ന കവിത നോക്കുക. അതിൽ ആ കർഷക കവി പറയുന്നു–

എന്നൊന്നും മൺവെട്ടിയാൽ കണ്ടങ്ങൾ കിളച്ചിടു
കെന്നതല്ലല്ലോ കർമ്മപദ്ധതിയെല്ലാവർക്കും
ഇന്നെന്റെകൈക്കോട്ടിനു കർമ്മഭൂപതിവുപോ–
ലെൻവയലിലെ മൺകട്ടകളല്ലാതോ പിന്നെ
എൻനിലം കയ്യേറുവാൻ വന്നതാമപഹർത്തൃ–
വൃന്ദത്തിൻ ദുരമൂത്ത മസ്തകാവലിയത്രേ!

ഇതു പറഞ്ഞു നിർത്തുന്നതിനിടയിൽ, ഇടശ്ശേരിയുടെ വിപ്ലവകവിതകളെക്കുറിച്ചു പറയാൻ എനിക്കു തിടുക്കമായി. ആ 'പുത്തൻകലവും അരിവാളും'– അത് ഇന്നും എത്രതന്നെ ശക്തമല്ല!

കോമൻ വിത്തിറക്കി അദ്ധ്വാനിച്ചു നെല്ലുണ്ടാക്കി. കൊയ്യിക്കാൻ ചെന്നതോ, 'കോടതിയാമീനുമാൾക്കാരും.' നിരുപയോഗമായി, കൃഷിക്കാരുടെ അരിവാളുകൾ അവിടെ മാഴ്കിക്കിടക്കുമ്പോൾ, അപ്പോഴാണ് കോമന്റെ പെണ്ണ് പുത്തരിവെയ്ക്കാനുള്ള പുത്തൻകലവുമായി ആവഴി വരുന്നത്. വെയ്ക്കാനരിയില്ലാത്ത ആ കലത്തിനു ചുറ്റും, കൊയ്ത്തിനുതകാത്ത അരിവാളുകൾ നിരന്നുകിടക്കുന്നതുകണ്ട് ഇടശ്ശേരി ഗർജ്ജിക്കുന്നു.–

അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ.

പ്രാകൃതനെന്ന്, അതെഴുതിയ കവിയെയും, ഇന്നത് ഉദ്ധരിക്കാൻ തുനിഞ്ഞ എന്നെയും, വൈറ്റ്കോളർ ബുദ്ധിജീവികൾ പുച്ഛിച്ചേയ്ക്കും. എങ്കിലും ഞാനുദ്ധരിക്കുകയാണ്, മറ്റൊരു കവിതയിൽനിന്ന് അതേമാതിരി രണ്ടുവരികൾ–

തെരുവിലൂടപ്പോൾ മുഴങ്ങിയെത്തീ
തൊഴിലാളിമാർതൻ സമരഗാനം
കുഴിവെട്ടിമൂടുക വേദനകൾ,
കുതികൊൾക ശക്തിയിലേക്കു നമ്മൾ.

ഇവിടെ ഇടശ്ശേരിക്കവിതയുടെ മറ്റൊരു പ്രത്യേകതയിലേയ്ക്കു തിരിയുക: കടത്തുവഞ്ചിയും വയലാർഗർജ്ജനവുമെല്ലാം കവിതയുടെ അലമാരിയിൽനിന്ന് എടുത്തു മാറ്റിവയ്ക്കപ്പെട്ടുകഴിഞ്ഞിട്ടും എന്തേ ഇടശ്ശേരിയുടെ വിപ്ലവകവിതകൾ നമ്മെ സംബന്ധിച്ചിടത്തോളം ഇന്നും ചൈതന്യമുറ്റ കവിതയായിത്തന്നെ നിലനില്ക്കുന്നു? വിപ്ലവരാഷ്ട്രീയം വൃത്തബദ്ധമാക്കുകയല്ലാ ഇടശ്ശേരി ചെയ്തത്. അദ്ദേഹം മനുഷ്യഹൃദയത്തെപ്പറ്റി, മനുഷ്യജീവിതത്തെപ്പറ്റി പാടുകയായിരുന്നു.

നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും നല്ലൊരു മനുഷ്യകഥാനുഗായിയാണ് അദ്ദേഹം. ഇടശ്ശേരിയുടെ 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്ന കവിത നോക്കുക.

പാവപ്പെട്ടൊരു പെണ്ണുണ്ട്, തത്വശാസ്ത്രങ്ങളുടെ കടിപിടിയിൽപ്പെട്ടുകിടന്നു വലയുന്നു. പാവം കുമ്മിണി. അച്ഛൻ ആർഷസംസ്കാരക്കാരനാണ്. അദ്ദേഹം മകളുടെ ജാതകം പരിശോധിച്ചപ്പോഴുണ്ടു കാണുന്നു – 'ജാതകയ്ക്കു യോഗം ചിരം പൂത്തിരിക്കുകയാണ്.' മകൻ മാർക്സിസ്റ്റ്. അയാളും ആ പെണ്ണിന്റെകാര്യം നോക്കാൻ തയ്യാറായില്ല.

തകരും ബൂർഷ്വാസിയിൽത്തറവാടുണ്ടോനില്പൂ
തരുണി വേളിച്ചരക്കാകാമോ കൈമാറീടാൻ?

ഈ മുരടൻ തത്വശാസ്ത്രങ്ങൾ ആർക്കുവേണം? ഇടശ്ശേരി വിവരിക്കുകയാണ്.

തിരിയാതെല്ലാം കേട്ടു തന്നുടെ മുണ്ടും ബ്ലൗസും
പെരികെപ്പേർത്തും പേർത്തും കുമ്മിണി തുന്നിക്കെട്ടി

അങ്ങനെ ഇരുന്നിട്ട് ഒടുവിൽ ഒരു രാത്രി. തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, അവൾ തന്റെ പാട്ടിന് ഇറങ്ങിപ്പോകുന്നു.

നിരക്ഷരകുക്ഷിയായ ആ ധീരനായിക കുമ്മിണിയെപ്പറ്റി ഇത്രയും പറഞ്ഞപ്പോൾ, ഒരു കാര്യം എടുത്തുപറയണമെന്നനിക്കു തോന്നുന്നു. ഇടശ്ശേരിയുടെ കവിതകളിലെ മനുഷ്യരുടെ മുദ്ര ധീരതയുടേതായ ശോണമുദ്രതന്നെയാണ്. കുടിലമർത്ത്യതേ നിൻ കടയ്ക്കൽ, ഇനിയൊറ്റക്കൂമ്പും പൊടിക്കരുത് എന്നു ധാരമായ വൈരാഗ്യത്തോടെ വിളിച്ചുപറയാനും, മുഴുവൻ വേദനയും കുഴിവെട്ടി മൂടിക്കൊണ്ട്

ശക്തിയിലേയ്ക്കു കുതിക്കാനും കഴിയുന്ന ധീരന്മാരാണവർ. അവരുടെ ലോകം കാണുമ്പോൾ വിസ്മയസ്തബ്ധരായി നില്ക്കുവാനേ കഴിയൂ. പരിഷ്കാരികൾ കടന്നുചെന്നു കൊള്ളിവയ്പു നടത്തുന്നതിനുമുമ്പുള്ള ആഫ്രിക്കയെക്കുറിച്ച് എൻ.വി. കൃഷ്ണവാരിയർ പാടിയ വരികൾ ആരും ഓർമ്മിച്ചു പോകും–

കിടമാറാത്ത പുരാതനകാനന
ജീവിതമിവിടെ സ്പന്ദിക്കുന്നൂ,
ധരണിയനന്തസമുദ്രമപാരം
ദേവന്മാരിപ്പൊഴുമുയിരാർന്നവ–
രൊരു ചെറുചെപ്പിലടച്ചുകരത്തിൽ
ക്കെട്ടിയതില്ലിവിടത്തിൽക്കാലം.

അതെ, ഇടശ്ശേരിയുടെ വിവാഹസമ്മാനത്തിലെ നായികയാകട്ടെ, മറ്റേക്കവിതയിലെ ആ പെങ്ങളാകട്ടെ, കാവിലെപാട്ടിലെ വെളിച്ചപ്പാടാകട്ടെ അവരെല്ലാം ധീരന്മാരാണ്, ധീരോദാത്തനായകരാണ്. അവരുടെ അപദാനാഖ്യാനങ്ങൾ ഈ കൊച്ചുതൊമ്മന്മാരുടെ കാലഘട്ടത്തിൽ ആർക്കുതന്നെ രോമാഞ്ചജനകമല്ല!

അശക്തന്മാരോടുള്ള ഈ കവിയുടെ പരിഹാസവും ശ്രദ്ധേയമാണ്. ഇടശ്ശേരിയുടെ 'വൃഥാവിലാപം' എന്ന ആ കവിതയിലെ പരിഹാസം ഒന്നു ശ്രദ്ധിക്കുക.

പുഴയിൽ തോണിയിറക്കി, ഊക്കാനൊരു തുഴയും കൈയിൽ പൊക്കിപ്പിടിച്ചുകൊണ്ട്, കാറ്റും മഴയും വന്നപ്പോൾ കരയുകയാണത്രേ ഒരു വിദ്വാൻ:

അലിവറ്റ ലോക,മിതല്ലയെങ്കി–
ലനിലനിത്തോണി തുഴഞ്ഞുകൂടേ?
അവിടെ ഇടശ്ശേരി കൂട്ടിച്ചേർക്കുന്നു–
ചിറകു രണ്ടും വിടർത്തിച്ചപോലെ
ചെറുകിളി മീതേ പറന്നിരുന്നു.

എത്ര പൊടിപ്പൻ പ്രയോഗം! പിന്നെ ഒന്നു കൂടി ഓർക്കുക, കൈക്കരുത്തു കുറഞ്ഞവ രോടായിട്ടൊന്നുമല്ല ഇടശ്ശേരിയുടെ പരിഹാസം. ചെറ്റത്തരത്തിൽ അടിഞ്ഞുകൂടുന്ന മനുഷ്യരോടായിട്ടാണ്. കറുത്തചെട്ടിച്ചികൾ ഈ രീതിക്ക് പ്രത്യേകം പഠനീയമാണ്.

ഇടശ്ശേരിയുടെ കാവ്യശൈലിയെക്കുറിച്ചുകൂടി അല്പം. അദ്ദേഹത്തിന്റെ കവിതയിൽ കൊഴുത്തുരുണ്ട നിരുപദ്രവങ്ങളും തലകുലുക്കുന്ന വൃത്തസംഗീതവും ഇല്ലാത്തതുകൊണ്ട് കുണ്ഠിതപ്പെടുന്ന പോയെറ്റിക്ക് – മാഡ്നെസ് – സിദ്ധാന്തക്കാരുണ്ടാവാം. ഉണ്ടാകട്ടെ.

'കൂർത്ത' എഴുത്താണികൊണ്ടു കടുത്ത കരിങ്കല്ലിൽ കൊത്തിവച്ചതുപോലെ, അതേ, അങ്ങനെയുള്ളൊരു ഭാഷാശൈലിയിലാണ് ഇടശ്ശേരി കവിതയെഴുതുന്നത്. ഉള്ളടക്കംകൊണ്ടും, രീതിവിശേഷംകൊണ്ടും ശക്തിയുടെതന്നെ കവിതയാണത്.

ഇടശ്ശേരിയുടെ കൂട്ടുകൃഷി നമ്മുടെ നാടകസാഹിത്യചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമാണല്ലോ. അദ്ദേഹത്തിന്റെ കവിതകളുടേയും പ്രധാനപ്പെട്ട പ്രത്യേകത നാടകീയതയാണെന്നു തോന്നുന്നു. ഇടശ്ശേരിയുടെ ഒരു പിടി ഉജ്ജ്വലമായ നാടകീയകാവ്യങ്ങളും (വിവാഹസമ്മാനം, പെങ്ങൾ, കല്യാണപ്പുടവ, പണിമുടക്കം, തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ, പുത്തൻകലവും അരിവാളും തുടങ്ങിയവ), അത്രതന്നെ സങ്കീർത്തനങ്ങളും (കേരളമേ കേരളമെൻനാട്, പഴയചാലുകൾ മാറ്റുക തുടങ്ങിയവ) ആധുനിക മലയാളകവിതയിലെ ഏറ്റവും മഹിതമായ കൃതികളുടെകൂടെ നിലനില്ക്കുനമെന്നതിനു സംശയമില്ല.

എല്ലാം പറഞ്ഞുകഴിയുമ്പോൾ, ആക്ഷേപം ഒന്നുമാത്രം – കരുത്തനായ ഈ കവിയെന്തേ ഇത്ര കുറച്ചുമാത്രം എഴുതിനിർത്തി? അല്ല, ഇടശ്ശേരി നിർത്തിയിട്ടില്ല, അതുതന്നെ അതിനും സമാധാനം.

മാതൃഭൂമി 1999 ഒക്ടോബർ 16

# കളവു പറയാൻ കഴിയാത്ത കവിത

## കെ. പി. ശശിധരൻ

'അച്ഛൻ, നാട്ടുകാരുമായി പങ്കുവെക്കേണ്ട ഒരു പൊതുസ്വത്താണെന്ന വസ്തുതയുമായി ഞങ്ങൾ മക്കൾ, ചെറുപ്പത്തിൽ തന്നെ പൊരുത്തപ്പെട്ടു തുടങ്ങി' എന്ന് ഇടശ്ശേരിയെക്കുറിച്ച് അദ്ദേഹത്തിന്റെ മകൻ ഇ. മാധവൻ സ്മരിക്കുന്നുണ്ട്. ആസ്വാദകരുടെ പൊതുമുതലാണ് സാഹിത്യം എന്ന് പറയാറുണ്ടെങ്കിലും നമ്മുടെ എഴുത്തുകാരെ അതേ വകുപ്പിൽ പെടുത്താൻ അസാമാന്യമായ ഹൃദയവിശാലത തന്നെ വേണം. സ്വജീവിതത്തിലൂടെ തന്റെ സന്ദേശമെന്തെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിയ ഗാന്ധിജിയായിരുന്നുവല്ലോ ഇടശ്ശേരിയുടെ ആരാധനാമൂർത്തി. തന്റെ വ്യക്തി ജീവിതത്തിലെ ആദർശനിഷ്ഠയുടെ സൗന്ദര്യാത്മകമായ പൂരണമായിരുന്നു ഏതാണ്ട് അരനൂറ്റാണ്ടോളം നീണ്ടുനിന്ന ഇടശ്ശേരിയുടെ കാവ്യജീവിതം. മനസ്സാക്ഷിയുടെ ഉരകല്ലിൽവെച്ച് ആദർശങ്ങളെ അദ്ദേഹം നിരന്തരം പരീക്ഷിച്ചു കൊണ്ടിരുന്നു. അഹിംസയുടെ വഴിയടയുമ്പോൾ മറ്റുമാർഗമാരായുന്ന ഇടശ്ശേരിയുടെ സമീപനത്തിൽ വൈരുദ്ധ്യമൊന്നുമില്ല. 'ഇരതേടും ക്രൗര്യങ്ങൾ നഖരമുരപ്പതുമറിയാതെ' ഒരു കോണിൽ ധ്യാനിച്ചു കഴിയുന്ന നിശ്ചലാദർശങ്ങളെ എന്തിന് താലോലിക്കണം? 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിൽ ആദർശത്തെ ജീവാനുകമ്പയുടെ വെളിച്ചത്തിൽ അദ്ദേഹം സൂക്ഷ്മപരിശോധന നടത്തുന്നു.

മുറ്റത്തിനൻ,പെരുമ്പായ
വിരിച്ചു; തൊട്ടവീട്ടുകാർ
ഉണക്കുന്നൂ വെടിമരു-
ന്നെന്തേ, ഞാൻ നെല്ലുചിക്കണോ?

എന്ന് 'പുറത്തെള്ളുവിതയ്ക്കാറായ' ഭീരുത്വത്തോട് അദ്ദേഹം ചോദിക്കുന്നു. ഇത്തരം സന്ദർഭങ്ങളിൽ ആസ്തികസാധാരണമായ വിനയവും തത്ത്വശാസ്ത്രങ്ങൾക്കു വേണ്ട ബഹുമാനവും തന്നെ വിട്ടുപിരിയാറുണ്ടെന്ന് കവി ഏറ്റുപറയുന്നുമുണ്ട്.

ഇതിന് അനുബന്ധമായി ഒരു മറുവശവും കാണാം. നരഭോജിയായ പൂതത്തെ മാതൃവാത്സല്യത്തിലൂടെ അഗ്നിശുദ്ധിവരുത്തി, ഗ്രീഷ്മാരംഭത്തിലെ മലനാടിന്റെ നിത്യകൗതുകമാക്കി അവതരിപ്പിച്ച ഇടശ്ശേരിയുടെ 'ഭൂതദയ' കവിയുടെ ഉദ്ദേശ്യശുദ്ധിക്ക് ഉദാഹരണമാണ്. ചേട്ടയുടെ വിശപ്പകറ്റാൻ ചിരട്ടയിൽ ഭക്ഷണമൊരുക്കിക്കൊടുക്കാറുള്ള ഒരു പാരമ്പര്യത്തെ അദ്ദേഹം മറന്നില്ല. എഴുത്താണിയുടെ ഇരുമ്പല്ല, ഇരുമ്പിൻമുനയിലൂടെ വിരിയുന്ന അക്ഷരവിദ്യയുടെ സാത്വികവിശുദ്ധിയാണ് പൈശാചികതയ്ക്കുള്ള മറുമരുന്ന് എന്ന് അദ്ദേഹം കണ്ടെത്തി.

സത്യാന്വേഷണത്തിലൂടെ കണ്ടെത്തിയ യാഥാർത്ഥ്യങ്ങളെ ഇടശ്ശേരി മറച്ചുപിടിച്ചില്ല. സ്വന്തം വിശ്വാസത്തെ അപ്പപ്പോൾ തിരുത്താനും നവീകരിക്കാനും അദ്ദേഹം തയ്യാറായി.

ശിലയും കരിയും സിമന്റും ഉരുക്കും കൊണ്ട് തീർത്ത യന്ത്രയുഗത്തിന്റെ കാലിന്നടിയിലൂടെ 'നാട്ടനുഴുന്ന' നദീതട സംസ്കാരത്തെക്കുറിച്ചും, ശൈശവ ഭാവനയെക്കുറിച്ചും വിലപിക്കുന്ന 'കുറ്റിപ്പുറം പാലം' എന്ന കവിത നമ്മിൽ ജനിപ്പിക്കുന്നത് വിഷാദ സ്തുകളായിരിക്കും. എങ്കിലും, വൈലോപ്പിള്ളിയെപ്പോലെ യന്ത്രകാഹളം ഇടശ്ശേരിക്കും ഏറെ ഇഷ്ടമാണ്. 1972-ൽ പ്രസിദ്ധീകരിച്ച 'ഒന്നുറങ്ങാൻ'എന്ന കവിതയിലാകട്ടെ മറ്റൊരിടശ്ശേരിയെയാണ് നാം കാണുന്നത്.

ഉരുക്കും റബ്ബറും സിമന്റുമില്ലാത്ത
കരിമ്പുക വീർപ്പിൻ കുഴൽ നിറയ്ക്കാത്ത
ധാരാവിഭാഗത്തേയ്ക്കൊരിക്കൽക്കൂടിയും
നയിച്ചാലുമെന്നെപ്പഴയമുത്തശ്ശി.....
രുചികെടുത്തിയ വിഭവങ്ങളുടെ
സമൃദ്ധിയാൽ ഞെട്ടിത്തെറിച്ചുണരവെ
കനത്ത കോൺക്രീറ്റുവിരിയാൽ ശാശ്വത
മലടിയായ്പ്പോയ മഹിയുടെ മേലി-
ലൊരിക്കലുമിനിച്ചിരക്കാതെയായ
മണിമാറിൽ നിന്നുമടർത്തി നീ നിന്റെ
കുളിരേലും സുഖ സുഷുപ്തി തന്മലർ-
വിരിയിലെന്നെയും കിടത്തു മുത്തശ്ശി!

'മരണത്തിനുപിൻപ്, കൂടുതൽ കൂടുതൽ വിസ്തൃതമായി വരുന്ന ഒരു അനുവാചക മണ്ഡലത്തെ ആകർഷിക്കുകയും, സമകാലിക സഹൃദയർ തങ്ങൾക്കു നല്കിയിരുന്നതിനേക്കാൾ എത്രയോ അധികം ആദരം തുടർന്നു വരുന്ന തലമുറകളിൽനിന്ന് ആർജ്ജിക്കുകയും ചെയ്യുന്ന' കവികളുടെ വകുപ്പിലാണ് എൻ.വി. കൃഷ്ണവാരിയർ ഇടശ്ശേരിയെ ഉൾപ്പെടുത്തിയത്.

ഇടശ്ശേരിയുടെ ദേഹവിയോഗത്തിനു ശേഷം കാൽനൂറ്റാണ്ട് തികയുമ്പോഴും, കളവു പറയാൻ കഴിയാത്ത അദ്ദേഹത്തിന്റെ കവിതയ്ക്കു വേണ്ടി നാം കാതോർത്തിരിക്കുന്നു.

ജനയുഗം വാരിക